# പതിനാലാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3291 19.06.2018 ൽ മറുപടിയ്ക്ക്

### കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സീറ്റ് സംവരണം

| | ചോദ്യം<br>ശ്രീ. ഡി.കെ. മുരളി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന ബസ്സുകളിൽ സീറ്റുകളുടെ സംവരണം എങ്ങനെയാണ് ഏർപ്പെടു ത്തിയിട്ടുള്ളത്; വിശദവിവരങ്ങൾ നൽകാമോ; | (എ) | ഓൺലൈൻ റിസർവേഷൻ സൗകര്യമില്ലാത്ത ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള എല്ലാത്തരം സർവ്വീസുകളിലും രണ്ട് സീറ്റുകൾ വീതം മുതിർന്ന പൗരന്മാർക്കായി സംവരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമെ എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും നിലവിൽ 4 സീറ്റുകൾ വീതം (ആകെ 8 സീറ്റുകൾ) മുതിർന്ന സ്ത്രീകൾക്കും, പുരുഷന്മാർക്കുമായി സംവരണം ചെയ്തിട്ടുണ്ട്. ഇതിൽ മുതിർന്ന സ്ത്രീകളുടെ സീറ്റ് നിലവിലെ സ്ത്രീകളുടെ സീറ്റിനടുത്തായി ക്രമീകരിച്ചിട്ടുള്ളതും, മുതിർന്ന പൗരന്മാർക്കായുള്ള സീറ്റുകൾ പെട്ടെന്ന് തിരിച്ചറിയത്തക്ക വിധത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. സിറ്റി, ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളിൽ കണ്ടക്ടർ സീറ്റിന് ഇടതു വശത്തായി അന്ധർക്കായി ഒരു സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.<br>വികലാംഗർക്കായി സംവരണം ചെയ്തിട്ടുള്ള രണ്ട് സീറ്റുകളിൽ ഒന്ന് കണ്ടക്ടർ സീറ്റിന് മുന്നിലായും, രണ്ടാമത്തെ സീറ്റ് വികലാംഗരായ സ്ത്രീകൾക്കായി വാതിലിന് സമീപമുള്ള സ്ത്രീകളുടെ സീറ്റിനടുത്തായി ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ റിസർവ്വേഷൻ സൗകര്യമില്ലാത്ത എല്ലാത്തരം ബസ്സുകളിലും മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കൈക്കുഞ്ഞുമായി യാത്ര ചെയ്യുന്ന സ്ത്രീകൾക്കായി 5 ശതമാനം സീറ്റുകൾ (പരമാവധി രണ്ട് സീറ്റുകൾ) സ്ത്രീകൾക്കായി നിലവിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകൾക്കടുത്തായി സംവരണം ചെയ്തിട്ടുണ്ട്.<br>ടി സീറ്റുകൾ യാത്രാ വേളയിൽ ടി വിഭാഗങ്ങൾക്ക് തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പവരുത്താറുണ്ട്. |
| (ബി) | പ്രസ്തുത സംവരണം ബസ് പുറപ്പെടുന്ന സ്ഥലത്ത് നിന്നും മാത്രമാണോ അനുവദനീയമായിട്ടുള്ളത്; ഇതു സംബന്ധിച്ച വിവരങ്ങൾ വിശദീകരിക്കാമോ? | (ബി) | അത്തരത്തിൽ ഉത്തരവുകൾ നല്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ